(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കൃഷിനാശത്തെ തുടർന്ന് ആത്മഹത്യ ചെയ്തവർ

*4 [62] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:

,, കെ. പി. രാജേന്ദ്രൻ:

,, എം. കുമാരൻ:

,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ കൃഷിനാശത്തെയും തകർച്ചയേയും തുടർന്ന് എത്ര കൃഷിക്കാർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കർഷകരുടെ കുടുംബങ്ങളെ സഹായിക്കാൻ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നു സഹായം ലഭിച്ചിട്ടുണ്ടോ; സംസ്ഥാന സർക്കാർ കേന്ദ്രത്തിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കൃഷിനാശത്തെയും തകർച്ചയേയും തുടർന്ന് 2000 മുതൽ 2004 ഡിസംബർ വരെ സംസ്ഥാനത്ത് 218 കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) ഈ കർഷകരുടെ കുടുംബങ്ങളെ സഹായിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഉണ്ട്. സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ധനസഹായം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ 106 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ കുരുമുളകിന്റെയും കശുവണ്ടിയുടെയും റീപ്ലാന്റിംഗിന് 30 കോടി രൂപ അനുവദിച്ചിട്ടുള്ളതിന്റെ ആദ്യപടിയായി 10 കോടി രൂപ ലഭിച്ചിട്ടുണ്ട്.

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[2-2-2005-ലെ നക്ഷത്ര ചിഹ്നമിട്ട * 4 (62)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളായി മാറ്റുന്നതിനും മദ്ധ്യകാല വായ്പകളുടെ തിരിച്ചടയ്ക്കാത്ത ഗഡുക്കൾ പ്രത്യേക മദ്ധ്യകാല വായ്പകളായി മാറ്റുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിക്കുകയും ആയതിന്റെ സമയപരിധി 31-1-2005 വരെ ദീർഘിപ്പിക്കുകയും ചെയ്തിരുന്നു.

കർഷകരെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്നതിനായി സഹകരണ സംഘങ്ങളിൽനിന്നും വായ്പയെടുത്തിട്ടുള്ളവർക്ക് അവരുടെ കുടിശ്ശിക, പിഴപ്പലിശ മറ്റു ചെലവുകൾ എന്നിവ ഒഴിവാക്കി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണയായി അടച്ചു തീർക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിക്കുകയും ആയതിന്റെ കാലാവധി 31-3-2005-വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

വരൾച്ച ദുരിത ബാധിത പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട കൊല്ലം, കോട്ടയം, ഇടുക്കി, മലപ്പുറം, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ കടങ്ങൾ പുനഃക്രമീകരിക്കുന്നതിന്റെ ഭാഗമായി കൊമേർസ്യൽ ബാങ്കുകൾ 2 വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

കർഷകർക്ക് ആശ്വാസം നൽകുന്നതിന്റെ ഭാഗമായി പ്രാഥമിക വായ്പാ സഹകരണസംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേൽ ഒരു വർഷത്തേക്ക് ജപ്തി നടപടികൾ നിർത്തിവച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

പുനർ വായ്പാ പദ്ധതി പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾ നൽകുന്ന 25,000 രൂപ വരെയുള്ള കാർഷിക വായ്പകളുടെ പലിശ നിരക്ക് 8.5 ശതമാനമായും 25,000 രൂപയ്ക്ക് മുകളിലുള്ള വായ്പകളുടെ പലിശ നിരക്ക് 9 ശതമാനമായും നിജപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങളിൽ 11 കുടുംബങ്ങൾക്ക് 50,000 രൂപ വീതം ധനസഹായം നൽകി. കേന്ദ്ര ഗവൺമെന്റിനോട് ധനസഹായം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ 106 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ഇതിന്റെ വിശദ വിവരങ്ങൾ ലഭിച്ചാലുടനെ മറ്റുള്ള കുടുംബങ്ങൾക്കും ധനസഹായം നൽകുന്നതാണ്. ഇതിനു പുറമെ കുരുമുളകിന്റെയും കശുവണ്ടിയുടെയും റീപ്ലാന്റിംഗിന് 30 കോടി രൂപ അനുവദിച്ചിട്ടുള്ളതിന്റെ ആദ്യപടിയായി 10 കോടി രൂപ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly